നം.സി.ജി.എൽ1/25000/2020/സി.ജി.ഇ.

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം-12
തീയതി : 09/02/2021

പ്രേഷകൻ

സെക്രട്ടറി
പരീക്ഷാ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം-12

സ്വീകർത്താവ്,

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം - എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് 2021 - പരീക്ഷാ രജിസ്ട്രേഷൻ അനുബന്ധ പ്രവർത്തനങ്ങൾ- പ്രഥമാദ്ധ്യാപകർക്കുള്ള നിർദേശങ്ങൾ - സംബന്ധിച്ച്

സൂചന:- എസ്.എസ്.എൽ.സി. വിജ്ഞാപനം.

*****

2021 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷ 'എ ലിസ്റ്റ്' പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന സർക്കുലർ എല്ലാ പ്രഥമാദ്ധ്യാപകർക്കും സത്വരമായി നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

സെക്രട്ടറി

നം. സി.ജനറൽ1/25000/2020/സി.ജി.ഇ പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

പരീക്ഷാ ഭവൻ, പൂജപ്പുര

തിരുവനന്തപുരം-12

തീയതി : 09/02/2021

## സർക്കുലർ

**വിഷയം : 2021 മാർച്ച് എസ്.എസ്.എൽ.സി പരീക്ഷാ രജിസ്ടേഷൻ അനുബന്ധപ്രവർത്തനങ്ങൾ : പ്രഥമാദ്ധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ**

2021 മാർച്ച് എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന എല്ലാ റെഗുലർ , പ്രൈവറ്റ് വിദ്യാർത്ഥികളുടേയും രജിസ്ട്രേഷൻ പൂർത്തീകരിച്ച് കൺഫർമേഷനും ഇ-സബ്മിഷനും നിർവഹിച്ചതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതരുടെ അവസാന ഘട്ട പരിശോധനയ്ക്കായി പ്രൊവിഷണൽ A ലിസ്റ്റ് 2021ഫെബ്രുവരി 9 ന് പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത ലിസ്റ്റ് ക്ലാസ്സ് ചാർജുള്ള അദ്ധ്യാപകരുടെ ഉത്തരവാദിത്തത്തിൽ സൂക്ഷ്മ പരിശോധന നടത്തുന്നതിനുള്ള സത്വര നടപടികൾ പ്രഥമാദ്ധ്യാപകർ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത ലിസ്റ്റ് വിദ്യാർത്ഥികളെകൊണ്ടും പരിശോധിച്ച് തെറ്റുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശവും ക്ലാസ്സ് ചാർജുള്ള അദ്ധ്യാപകർ മുഖേന വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണ്.

**അന്തിമ A ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം യാതൊരുവിധ തിരുത്തലുകൾക്കും അവസരമുണ്ടാകുന്നതല്ല.** ആയതിനാൽ പ്രൊവിഷണൽ A ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനോടൊപ്പം https://sslcexam.kerala.gov.in എന്ന വെബ്സൈറ്റിൽ Candidate Data Part Certificate View രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടേയും പരിശോധനക്കായി ലഭ്യമാക്കുന്നതാണ്. 2021 മാർച്ച് എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്ന വിദ്യാർത്ഥി വിവരങ്ങൾ അതേപടി കാണുന്നതിനുള്ള സൗകര്യമാണ് ഇതിലൂടെ

ലഭ്യമാക്കുന്നത്. റവന്യൂ ജില്ല, വിദ്യാഭ്യാസ ജില്ല, സ്കൂൾ , അഡ്മിഷൻ നമ്പർ, ജനനതീയതി എന്നിവ നൽകി സർട്ടിഫിക്കറ്റിലെ വിവരങ്ങൾ പരിശോധിക്കാവുന്നതാണ്. പ്രസ്തുത ലിങ്കിലൂടെ സർട്ടിഫിക്കറ്റിൽ വരുന്ന വിവരങ്ങളുടെ പ്രിൻറൗട്ട് എല്ലാ വിദ്യാർത്ഥികൾക്കും എടുത്തു നൽകി ഒരിക്കൽ കൂടി രക്ഷിതാക്കളുടെ പരിശോധന ഉറപ്പാക്കുന്നതിനുള്ള ക്രമീകരണം പ്രഥമാദ്ധ്യാപകർ നിർബന്ധമായും ചെയ്യേണ്ടതാണ്.

ഈ അവസരത്തിൽ കണ്ടെത്തുന്ന അഡ്മിഷൻ നമ്പർ,ജെൻഡർ എന്നിവ ഒഴികെയുള്ള തെറ്റുകൾ HM ലോഗിനിലെ CandidateUpdate എന്ന ലിങ്കിലൂടെ തിരുത്താവുന്നതാണ്.സമ്പൂർണ്ണയിലും ഐ-എക്സാമിലും ഉൾപ്പെടുത്തിയിരിക്കുന്ന വിദ്യാർത്ഥി വിവരങ്ങൾ പരസ്പരം ബന്ധപ്പെടുത്തിയിരിക്കുന്നത് സ്കൂൾ കോഡിനേയും അഡ്മിഷൻ നമ്പറിനേയും അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതിനാൽ അഡ്മിഷൻ നമ്പറിൽ തിരുത്തലുകൾ അനുവദിക്കുന്നതല്ല.കൂടാതെ ഓരോ ക്ലാസ്സിലേയും ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും എണ്ണം ആദ്യം നൽകി സ്കൂൾ ഗോയിങ് കുട്ടികളുടെ രജിസ്ടേഷൻ നടത്തിയിട്ടുള്ളതിനാൽ ജെൻഡർ തിരുത്തലും അനുവദിക്കുന്നതല്ല.

പരീക്ഷാഭവനിൽ നിന്നും സ്കൂളുകളിൽ വിതരണം ചെയ്യുന്ന Exam Materials (Main Sheet, Addl. Sheet, CV Cover) ൻെറ കണക്ക് ലഭിക്കുന്ന മുറയ്ക്ക് HM ലോഗിനിലെ Answer Script Recieved എന്ന മെനുവിലൂടെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

**പരീക്ഷ സോഫ്റ്റ്‌വയർ ഓൺലൈൻ പ്രവർത്തനങ്ങളുടെ പുതുക്കിയ സമയക്രമം:**

1. Provisional A List Publication : 09/02/2021
2. Candidate Data Part

   Certificate View Publication : 09/02/2021
3. Online Candidate correction by HM : From 09/02/2021 to 12/02/2021
4. A list / B list publication : 16/02/2021
5. Question Paper Statement Verification : 16/02/2021 and 17/02/2021

6. Cancellation Entry : From 17/02/2021 to 08/03/2021

7. CE Mark Entry : From 17/02/2021 to 26/02/2021

8. CE Check list Publication : 27/02/2021

9. Hall Ticket Download : From 10/03/2021

പരീക്ഷാ സെക്രട്ടറി